"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊടുവള്ളി നഗരസഭ - 2025 ജനുവരി 19 മുതൽ ഫെബ്രുവരി 15 വരെയുള്ള കൊയപ്പ സ്മാരക ഫുട്ബാൾ ടൂർണ്ണമെന്റിന് വിനോദനികുതി ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.396/2025/LSGD തീയതി,തിരുവനന്തപുരം, 08-02-2025

---

പരാമർശം:-

1. കൊടുവള്ളി, ലൈറ്റ്നിംഗ് ക്ലബ്, കൊയപ്പ ഫുട്ബോൾ ടൂർണ്ണമെന്റ് കൺവീനറുടെ 06.01.2025 തീയതിയിലെ നിവേദനം.
2. കൊടുവള്ളി നഗരസഭ കൗൺസിലിന്റെ 31/12/2024 തീയതിയിലെ 2/1 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

2025 ജനുവരി 19 മുതൽ ഫെബ്രുവരി 15 വരെ കൊടുവള്ളി നഗരസഭ സ്റ്റേഡിയത്തിൽ കൊടുവള്ളി ലൈറ്റ്നിംഗ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 39 -ാംത് കൊയപ്പ ഫുട്ബാൾ ടൂർണ്ണമെന്റ് നടത്തി വരികയാണെന്നും, ഈ വർഷത്തെ ടൂർണ്ണമെന്റ് വരുമാനത്തിൽ നിന്നും വയനാട് ടൗൺഷിപ്പ് പദ്ധതിയിൽ ഒരു വീട് നിർമ്മിച്ചു നൽകുന്നതിന് ക്ലബ് തീരുമാനിച്ചിട്ടുണ്ട് എന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കണമെന്നും ടൂർണ്ണമെന്റ് കമ്മിറ്റി കൺവീനർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച കൊടുവള്ളി നഗരസഭ സമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദനികുതി ഒഴിവാക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വയനാട് ടൗൺഷിപ്പ് പദ്ധതിയിൽ ഒരു വീട് നിർമ്മിച്ചു നൽകുന്നതിനാണ് ടൂർണ്ണമെന്റ് വരുമാനം ഉപയോഗിക്കുന്നത് എന്ന പരാമർശം ഒന്നിലെ കൺവീനറുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലും ഈ വിഷയത്തിന്മേൽ പരാമർശം രണ്ട് പ്രകാരം കൊടുവള്ളി നഗരസഭ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലും കൊടുവള്ളി നഗരസഭ സ്റ്റേഡിയത്തിൽ 2025 ജനുവരി 19 മുതൽ ഫെബ്രുവരി 15 വരെ നടത്തുന്ന കൊയപ്പ സ്മാരക ഫുട്ബാൾ ടൂർണ്ണമെന്റിന് ഈടാക്കുന്ന വിനോദനികുതിക്ക് Kerala Local Authorities Entertainment Tax Act 1961, Section 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഈടാക്കാവുന്ന ചുരുങ്ങിയ നിരക്കിൽ 50% ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാം എസ് എ

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കൊടുവള്ളി നഗരസഭ, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2/32/2025/ത.സ്വ.ഭ.വ).

Signed by
Pradeesh M.
Date: 10-02-2025 12:03:59

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ചെയർമാൻ ,ലൈറ്റ്നിംഗ് സ്പോർട്സ് ക്ലബ് , കൊടുവള്ളി, കോഴിക്കോട്.